**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3524** **02-03-2023 - ൽ മറുപടിയ്ക്ക്**

**ബിരുദ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബിരുദ പാഠ്യപദ്ധതി പരിഷ്കരണത്തിനായി ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | കരിക്കുലം കമ്മിറ്റി ബിരുദ പാഠ്യപദ്ധതിയുടെ പരിഷ്കരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ യു.ജി. കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനതലത്തിൽ തന്നെ ഒരു മാതൃകാ കരിക്കുലം രൂപീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ച കരിക്കുലം കമ്മിറ്റി ഒരു കരട് കരിക്കുലം ചട്ടക്കൂട് ചർച്ച ചെയ്തു വരുന്നുണ്ട്. ഇതിന്റെ ആദ്യ ഡ്രാഫ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ബിരുദ പാഠ്യപദ്ധതി രൂപകൽപ്പനയിൽ വിദ്യാർത്ഥി കേന്ദ്രീകൃത സമീപനം വളർത്തിയെടുക്കുന്നതിന് ഊന്നൽ നൽകുമോ; വിശദമാക്കാമോ; | (സി) | 'ഡിഗ്നിറ്റി ഓഫ് സ്റ്റുഡന്റ് ലൈഫ്' എന്ന മൂല്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഉന്നത വിദ്യാഭ്യാസ പരിഷ്കരണകമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. ഇതിനനുസരിച്ചുള്ള മാറ്റങ്ങളാണ് കരിക്കുലത്തിലും വിഭാവനം ചെയ്യുന്നത്. കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും പഠനസമയക്രമത്തിലും വിദ്യാർത്ഥിയ്ക്ക് സ്വാതന്ത്ര്യം നൽകുന്നതിന് സാധിക്കുന്ന തരത്തിൽ പാഠ്യപദ്ധതി ക്രമീകരിക്കും. |
| (ഡി) | ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും ഇടയിലെ വിടവ് നികത്തുന്നതിന് പുതിയ പാഠ്യപദ്ധതിയിൽ ഊന്നൽ നൽകുമോയെന്ന് വിശദമാക്കാമോ? | (ഡി) | തൊഴിൽ പരിചയവും നൈപുണിയും ലഭ്യമാകുന്ന തരത്തിലുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും ഇന്റേൺഷിപ്പ് തുടങ്ങിയ തൊഴിൽ പരിചയം ലഭിക്കുന്ന പ്രവർത്തികൾ പാഠ്യപദ്ധതിയുടെ ഭാഗമാകുന്നതും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ